<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള ചികിത്സാ ധനസഹായ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ഇപ്പോൾ ധനസഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **1. താലോലം എന്ന പദ്ധതിയിലൂടെ ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും, ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന സ്വന്തമായി ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രി മുഖേന നൽകുന്നു.**<br><br>**2. ക്യാൻസർ സുരക്ഷാ പദ്ധതിയിലൂടെ സ്വന്തമായി ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സ് വരെ പ്രായമുള്ള ക്യാൻസർ രോഗികളായ കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രി മുഖേന സൗജന്യ ചികിത്സ നൽകി വരുന്നു.**<br><br>**3. വി-കെയർ പദ്ധതിയിലൂടെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ സാധിയ്ക്കാത്ത ഗുരുതര രോഗം ബാധിച്ച ഗുണഭോക്താക്കൾക്കും, ഹൃദയ സംബന്ധമായ ശസ്ത്രക്രിയകൾ, നാഡീ സംബന്ധമായ ചികിത്സകൾ, ഡീപ്പ് ബ്രയിൻ സ്റ്റിമുലേഷൻ സർജറി, മറ്റ് അടിയന്തിര ശസ്ത്രക്രിയകൾക്കും ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു.** |
| (ബി) | ഇവയിൽ ഓരോ ഇനത്തിനും പരമാവധി എത്ര രൂപ വരെയാണ് ധനസഹായം നൽകുന്നത് എന്ന് | (ബി) | **ക്യാൻസർ സുരക്ഷാ, താലോലം എന്നീ പദ്ധതികൾക്ക് ചികിത്സാ പരിധി നിശ്ചയിച്ചിട്ടില്ല. വി-കെയർ** |

| | | | |
|---|---|---|---|
| | അറിയിക്കുമോ; | | **പദ്ധതിയിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയും രോഗത്തിന്റെ ഗുരുതരാവസ്ഥയും, ചികിത്സാ ചെലവും വിലയിരുത്തി മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് വി-കെയറിന്റെ കമ്മിറ്റിയിൽ പരിഗണിച്ച് ചികിത്സയ്ക്കാവശ്യമായ ധനസഹായം നൽകി വരുന്നു** |
| (സി) | പ്രസ്തുത ധനസഹായത്തിന് പരിഗണിക്കപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; | (സി) | **പ്രസ്തുത ധനസഹായത്തിന് പരിഗണിക്കപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ഡി) | ഏറ്റവും നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | **ഏറ്റവും നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**താലോലം പദ്ധതി – മാനദണ്ഡം**

- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളായിരിക്കണം.
- ശസ്ത്രക്രിയ ആവശ്യമായ വൃക്ക വൈകല്യങ്ങൾ, കാർഡിയോ വാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ സൗജന്യ ചികിത്സ ഈ പദ്ധതിയിലൂടെ ലഭ്യമാകും.
- സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല.

**ക്യാൻസർ സുരക്ഷാ പദ്ധതി – മാനദണ്ഡം**

- 18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികളായിരിക്കണം.
- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കായിരിക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലെ കുട്ടികളായിരിക്കണം.
- ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന കാലയളവിലാണ് സൗജന്യ ചികിത്സ സഹായം ലഭിക്കുക.
- ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല.

വി-കെയറിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ രണ്ട് ലക്ഷം രൂപയ്ക്കു താഴെ ചികിത്സാ ചെലവ് വരുന്ന അപേക്ഷകൾ നേരിട്ട് വി-കെയർ കമ്മിറ്റിയിലും, രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന അപേക്ഷകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ (മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി) നിർദ്ദേശം അനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേണിംഗ് ബോഡിയിലും പരിഗണിച്ച് സമയബന്ധിതമായി സഹായം നൽകുകയും ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**